# ഷെയ്ക്സ്പിയർ
## സമ്പൂർണകൃതികൾ
### ദുരന്ത - ശുഭാന്തങ്ങളും കവിതകളും



കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡിസി ബുക്സ്
www.dcbooks.com
സമ്പൂർണം
ISBN 978-81-264-7397-7
9 788126 473977 00004
E-book available
₹ 4000 (set)



ഷെയ്ക്സ്പിയർ സമ്പൂർണകൃതികൾ

T8M1 K.A/S
CASMTVK
1286

ദുരന്ത - ശുഭാന്തങ്ങളും കവിതകളും

4

dcb



# ഷെയ്ക്സ്പിയർ
## സമ്പൂർണകൃതികൾ

ചീഫ് എഡിറ്റർ : കെ. അയ്യപ്പപ്പണിക്കർ

CASM College Library TVK
2 8 6
K.A/S

T8M2 K.A/S
CASMTVK
1 2 8 6

College Of Avian Sciences & Management
LIBRARY
KVASU

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1286 Call No. 1286

This book should be returned on or before the date last given below.

കെ. അയ്യപ്പപ്പണിക്കർ
(1930—2006)



1930 സെപ്തംബർ 12-ന് കാവാലം കരയിൽ ജനിച്ചു. 1971-ൽ അമേരിക്കയിലെ ഇൻഡിയാനാ സർവകലാശാലയിൽനിന്നും എം.എ., പിഎച്ച്.ഡി. ബിരുദങ്ങൾ നേടി. കോട്ടയം സി.എം.എസ്. കോളജ്, തിരുവനന്തപുരം മഹാത്മാഗാന്ധി കോളജ്, യൂനിവേഴ്സിറ്റി കോളജ്, ഇൻഡിയാനാ സർവകലാശാല എന്നിവിടങ്ങളിൽ അദ്ധ്യാപകനും കേരള സർവകലാശാലയുടെ ഇംഗ്ലിഷ് വകുപ്പു മേധാവിയുമായിരുന്നു. 1981-'82-ൽ യേൽ, ഹാർവാഡ് എന്നീ സർവകലാശാലകളിൽ (അമേരിക്ക) ഡോക്ടർ ബിരുദാനന്തരഗവേഷണം നടത്തി. കവിതയ്ക്കും നിരൂപണത്തിനും കേരള സാഹിത്യ അക്കാദമി അവാർഡുകളും കവിതയ്ക്ക് സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. കൂടാതെ എസ്.പി.സി.എസ്. അവാർഡ്, കല്യാണികൃഷ്ണമേനോൻ പ്രൈസ്, ഫാദർ എബ്രഹാം വടക്കേൽ അവാർഡ്, സി.ബി. കുമാർ എൻഡോവ്മെന്റ് അവാർഡ്, മഹാകവി ഉള്ളൂർ പുരസ്കാരം, മഹാകവി കുട്ടമത്ത് പുരസ്കാരം, സമസ്ത കേരള സാഹിത്യപരിഷത്ത് അവാർഡ്, ഗംഗാധർ മെഹർ അവാർഡ് (ഒറീസ), കബീർ സമ്മാനം (മധ്യപ്രദേശ്), ആശാൻപ്രൈസ് (ചെന്നൈ), സഞ്ജയൻ പുരസ്കാരം (2005) എന്നിവയും. *അയ്യപ്പപ്പണിക്കരുടെ കൃതികൾ* രണ്ടാം വാല്യത്തിന് കൽക്കത്തയിലെ ഭാരതീയ ഭാഷാപരിഷത്തിന്റെ ഭിൽവാര അവാർഡും (1989) *അയ്യപ്പപ്പണിക്കരുടെ കൃതികൾ* നാലാം വാല്യത്തിന് സരസ്വതീസമ്മാനവും ലഭിച്ചിട്ടുണ്ട്. 2006 ആഗസ്റ്റ് 23-ന് അന്തരിച്ചു.

# ഷെയ്ക്സ്പിയർ സമ്പൂർണകൃതികൾ

## വാല്യം 4 - ദുരന്ത-ശുഭാന്തങ്ങളും കവിതകളും

ചീഫ് എഡിറ്റർ
കെ. അയ്യപ്പപ്പണിക്കർ

ഡി സി ബുക്സ്

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Complete Works of William Shakespeare

OMNIBUS VOLUME OF WILLIAM SHAKESPEARE
*by* William Shakespeare

MALAYALAM TITLE
Shakespeare Sampoorna Krithikal (Vol-4)

*Chief Editor* : K. Ayyappa Paniker
©D C Books
First Published April 23, 2000
This Edition – September 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Shakespeare, William.
Shakespeare sampoorna krithikal/ William Shakespeare
4 V., 4008p., 21 cm.
ISBN 978-81-264-7397-7.
Malayalam translation of 'Complete works of William Shakespeare.'
Editor : K. Ayyappa Paniker.
1. Collected works. 2. Malayalam translation.
I. Title. II. Title-English. III. Ayyappa Paniker, K.
822.330 8-dc 22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-7397-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 4000.00 (Set)

488/16-17-Sl.No. 15740-dcb 2200-(4)4000-74741-09-16-Itc 17.0-p as-r rj-d hm

# ദുരന്ത–ശുഭാന്തങ്ങൾ

ഉള്ളടക്കം

പെരിക്ലീസ്.......7
സിംബിലീൻ.......91
ശൈത്യകാലകഥ .......209
കൊടുങ്കാറ്റ്.......311

# പെരിക്ലീസ്

വിവർത്തനം:
എൻ. രാമചന്ദ്രൻ നായർ

# ആമുഖം

മുഴുവനും ഷെയ്ക്സ്പിയറുടെ രചനയല്ലെന്നു സംശയമുള്ള നാടകങ്ങളിലൊന്നാണ് *പെരിക്ലീസ്*. ഷെയ്ക്സ്പിയർ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പേരോടുകൂടി അച്ചടിച്ച ഒരു കൃതിയാണിതെങ്കിലും, അദ്ദേഹത്തിന്റെ അന്ത്യകാലകൃതികളിൽ ഒന്നായി പൊതുവേ അംഗീകരിച്ചിട്ടുണ്ടെങ്കിലും, പല രംഗങ്ങളിലും അദ്ദേഹത്തിന്റെ രചനാവൈദഗ്ധ്യം തികച്ചും പ്രകടിപ്പിക്കാത്തതായതുകൊണ്ട് നിരൂപകർക്ക് ഇതിന്റെ മഹത്ത്വം അംഗീകരിക്കാൻ വിഷമം തോന്നിയിട്ടുണ്ട്. പ്രസിദ്ധമായ ഒരിതിവൃത്തമെടുത്ത് അതിൽ ഉദാരമായ ജീവിതവീക്ഷണവും കാവ്യമാധുരിയും ചേർത്ത് നാടകരൂപം നൽകുന്ന ഷെയ്ക്സ്പിയർ വഴക്കം ഈ കൃതിയിലും ഒട്ടൊക്കെ കാണാം. രണ്ടു തലമുറകളുടെ കഥ, പഴയ തലമുറയുടെ പാപഭാരം, പുതിയ തലമുറയുടെ നിഷ്കളങ്കത ഇങ്ങനെ പല ഘടകങ്ങൾ മറ്റു ദുരന്തശുഭാന്തങ്ങളിലെന്നപോലെ *പെരിക്ലീസിലും* പ്രത്യക്ഷപ്പെടുന്നുണ്ട്. ഗവർ എന്ന മധ്യകാലകവിയെ ഗായകസംഘത്തിന്റെ സ്ഥാനത്തു പ്രവേശിപ്പിച്ച് കഥാഗതി സൂചിപ്പിക്കുന്ന സങ്കേതവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പെരിക്ലീസും മറീനയും തമ്മിൽ കണ്ടുമുട്ടുന്ന രംഗത്തിന്റെ സൗമ്യതയും ചാരുതയും പക്വമനസ്കനായ ഒരു നാടകകൃത്തിനെ അവതരിപ്പിക്കുന്നു.

1607–8 കാലത്തെഴുതിയ ഈ കൃതിയിൽ ജെക്കോബിയൻ ദുരന്തത്തിന്റെ പല അംശങ്ങളും കാണാൻ കഴിയുമെങ്കിലും അതിൽ കാണാത്ത പല അംശങ്ങളും നാടകാവസാനത്തിൽ ശുഭാന്തം ഒരുക്കാൻ നാടകകൃത്തിനെ സഹായിക്കുന്നതു കാണാം. അദ്ഭുതകഥകളുടെ അന്തരീക്ഷത്തിൽ യാഥാതഥ്യാതീതമായ ഘടകങ്ങൾ അരങ്ങിൽ സ്വീകരിക്കപ്പെടുന്നു. കെടുതികളും ദുഃഖങ്ങളും ശാന്തിക്കുവേണ്ടി വഴി മാറുന്നു. ദുരന്തത്തിന്റെ പരമകാഷ്ഠ കണ്ടുകഴിഞ്ഞാലേ കേവലാനന്ദത്തിന്റെ തലത്തിലേക്കു മനുഷ്യന് ഉയരാനൊക്കൂ എന്ന തത്ത്വം വെളിപ്പെടുത്തുന്നവയാണ് ഷെയ്ക്സ്പിയറുടെ റൊമാൻസുകൾ. കൊടുങ്കാറ്റും കപ്പൽച്ചേതവും തെറ്റിദ്ധാരണയും വിരഹവും കൊലപാതകവും പലതരം ചെയ്യരുതാച്ചെയ്തികളും ഒടുവിൽ അതിൽനിന്നെല്ലാം മോചനവും ഈ കൃതികളുടെ ഘടനയിൽ കാണാം. ദാർശനികനായ ഒരു നാടകകൃത്തിനെ ചില നിരൂപകർ ഈ കൃതികളിൽ കാണുന്നു.

അവതരണസങ്കേതം പരിഗണിക്കുകയാണെങ്കിൽ കഥാസംഭവങ്ങളുടെ ഒരു ദൃശ്യശൃംഖലയാണീ നാടകം. ഒരു കവി കാഥികനെത്തന്നെ

കോറസ് ആക്കുന്നതുവഴി ഒരു പാഠാന്തരബന്ധവും ഷെയ്ക്സ്പിയർ ഇതിൽ അടക്കിയിരിക്കുന്നു. ഗവർ എന്ന കവിയുടെ കൃതിയും ഈ നാടകവും തമ്മിലുള്ള പാരസ്പര്യം ഒരു മുൻകാലകവിയെ വക്താവാക്കുന്നതിലൂടെ ഷെയ്ക്സ്പിയർ സൂചിപ്പിച്ചിരിക്കുന്നു. കാണികളും കഥാപാത്രങ്ങളും തമ്മിൽ ആവശ്യമായ ഒരകലം ഉണ്ടാക്കിയെടുക്കാൻ താദാത്മ്യനിരാസം ക്രമപ്പെടുത്താൻ ഇതു സഹായിക്കുന്നു. ദുഷ്ടതയിലും ക്രൂരതയിലും ആരംഭിച്ച് ആനന്ദത്തിൽ അവസാനിക്കുന്ന കഥകൾ മറിച്ചുള്ളവയെക്കാൾ മോശമാകണമെന്നില്ല. നഷ്ടത്തിൽ നിന്നു നേട്ടത്തിലേക്കുള്ള അപൂർവഗതിക്രമമാണ് *പെരിക്ലീസിൽ* കാണുന്നത്. വിരഹത്തിൽനിന്നു സംഗമത്തിലേക്ക്, വിട്ടുപോകലിൽ നിന്ന് വീണ്ടെടുക്കലിലേക്കും.

## കഥാപാത്രങ്ങൾ

| | | |
|---|---|---|
| ആന്റൈയക്കസ് | – | ആന്റിയോക്കിലെ രാജാവ് |
| പെരിക്ലീസ് | – | റ്റയറിലെ രാജകുമാരൻ |
| ഹെലിക്കാനസ്<br>എസ്കാനീസ് | – | റ്റയറിലെ രണ്ടു പ്രഭുക്കന്മാർ |
| സൈമനൈഡീസ് | – | പെന്റാപൊലിസിലെ രാജാവ് |
| ക്ലീയോൺ | – | താർസസിലെ ഭരണാധികാരി |
| ലീസിമക്കസ് | – | മിറ്റിലീനിയിലെ ഭരണാധികാരി |
| സെറിമോൺ | – | എഫിസസിലെ ഒരു പ്രഭു |
| തലൈയാർഡ് | – | ആന്റിയോക്കിലെ ഒരു പ്രഭു |
| ഫിലീമോൺ | – | സെറിമോണിന്റെ സേവകൻ |
| ലിയനൈൻ | – | ഡയോനിസയുടെ സേവകൻ |
| കൊട്ടാരം കാര്യസ്ഥൻ | | |
| ഒരു മാരദൂതൻ | | |
| ബൌൾട്ട് | – | അയാളുടെ സേവകൻ |
| ആന്റൈയക്കസിന്റെ മകൾ | | |
| ഡയോനിസ | – | ക്ലിയോണിന്റെ ഭാര്യ |
| തൈസ | – | സൈമനൈഡീസിന്റെ മകൾ |
| മറീന | – | പെരിക്ലീസിന്റെയും തൈസയുടെയും മകൾ |
| ലിക്കോറിഡ | – | മറീനയുടെ ആയ |
| ഒരു ദൂതിക | | |

പ്രഭുക്കൾ, പ്രഭ്വികൾ, യോദ്ധാക്കൾ, മാന്യന്മാർ, നാവികർ, കടൽക്കൊള്ളക്കാർ, മുക്കുവർ, സന്ദേശവാഹകർ

ഡയാന

ഗവർ – ഗായകസംഘം

*രംഗം : വിവിധ രാജ്യങ്ങൾ*